കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് "സമുന്നതി സമഗ്രവികസനം" പദ്ധതി പട്ടികജാതി കുടുംബങ്ങൾക്ക് വീടിന്റെ അറ്റകുറ്റപണികൾക്കായി അധികരിച്ച നൽകിയതായി ഓഡിറ്റ് പരാമർശിച്ചിട്ടുള്ള 2,500,00/- രൂപയുടെ ചെലവുകൾ - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)2028/16/തസ്വഭവ തിരുവനന്തപുരം, തീയതി, 29 06.2016

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 03.10.15 തീയതിയിലെ 26853/ഡിപി4/14/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷം നടപ്പിലാക്കിയ "സമുന്നതി സമഗ്രവികസനം" എന്ന പദ്ധതിയിൽ 100 എസ്. സി. കുടുംബങ്ങൾക്ക് 12,500/- രൂപ നിരക്കിൽ 12,50,000/- രൂപ ചെലവഴിച്ച എന്നും എന്നാൽ 24.07.2007- ലെ സർക്കാർ ഉത്തരവ് 183/07/ തസ്വഭവ പ്രകാരം വീടിന്റെ അറ്റകുറ്റപണികൾക്കായി പരമാവധി 10,000/- രൂപ മാത്രമേ ചെലവഴിക്കാവൂ എന്നും ആയതിനാൽ അധികമായി ചെലവഴിച്ച (12,500-10,000) 2500X100=250000 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശിച്ചിട്ടുണ്ടെന്നും ആയതിനാൽ സാധൂകരണം ലഭ്യമാക്കണമെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അഭ്യർത്ഥന ഗ്രാമ വികസന കമ്മീഷണർ ശുപാർശയോടെ പരാമർശം കത്തിലൂടെ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഭവന നിർമ്മാണം, പുനരുദ്ധാരണം എന്നീ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ കേന്ദ്രസർക്കാർ പദ്ധതിയായ ഇന്ദിര ആവാസ് യോജന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചാണ് . ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണം എന്ന സ്കീമിന് 2003-04 മുതൽതന്നെ വീട് ഒന്നിന് 12,500/- രൂപ നിരക്കാണ് നൽകി വരുന്നതെന്നും 2008-09-ൽ ടി തുക 15,000/- രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിരുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ടി പ്രോജക്റ്റ് ഇന്ദിരാ ആവാസ് യോജന മാനദണ്ഡ പ്രകാരം പ്ലാൻ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയതിൽ തുക അധികരിച്ച ചെലവഴിച്ചിട്ടില്ലെന്നും,

ഈ വിഷയത്തിൽ സാമ്പത്തിക ദുർവിനിയോഗമോ അഴിമതിയോ നടത്തിയിട്ടില്ലാത്തതിനാലും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിനാലും പ്ലാൻ ഫണ്ടിൽ നിന്നും 100 വീട്ടുകൾക്ക് 2500/- രൂപ നിരക്കിൽ അധികരിച്ചു നൽകിയതായി ഓഡിറ്റ് പരാമർശിച്ചിട്ടുള്ള 2,50,000/- രൂപയുടെ ചെലവുകൾക്ക് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന് സാധൂകരണം നൽകണമെന്നും ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഗ്രാമ വികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് "സമുന്നതി സമഗ്രവികസനം" പദ്ധതി പ്രകാരം 100 വീട്ടുകൾക്ക് 2500/- രൂപ നിരക്കിൽ അധികരിച്ചു നൽകിയതായി ഓഡിറ്റ് പരാമർശിച്ചിട്ടുള്ള 250000/- രൂപയുടെ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ബി.എസ്.പാവനകുമാരി
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Dy

സെക്ഷൻ ഓഫീസർ